# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2845 — 02.04.2013 ന് മറുപടിയ്ക്ക്

### വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി. | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും അടിസ്ഥാന രേഖകൾ സാക്ഷ്യപ്പെടുത്തി നൽകുവാൻ ചുമതലപ്പെട്ട വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ജനങ്ങൾക്ക് യഥാസമയം ആവശ്യങ്ങൾ നിർവ്വഹിച്ചു നൽകുവാൻ വില്ലേജ് ഓഫീസുകളിലെ നിലവിലുള്ള സംവിധാനം പര്യാപ്തമായി തോന്നിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) ഉണ്ട്, വില്ലേജാഫീസുകളുടെ വർദ്ധിച്ചു വരുന്ന ജോലി ഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പഠനം നടത്തി വരികയാണ്.<br>01 - വില്ലേജാഫീസർ ,<br>02-വില്ലേജ് അസിസ്റ്റന്റ്/സ്പെഷ്യൽ വില്ലേജ് ഓഫീസർ ,<br>02 - വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്നിവർ ഉൾപ്പെട്ട സ്റ്റാഫ് പാറ്റേണാണ് വില്ലേജാഫീസുകളിൽ ഇപ്പോൾ നിലവിലുള്ളത്. |
| (ബി) വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ പര്യാപ്തമായ വില്ലേജാഫീസുകളുണ്ടോ; ജീവനക്കാരുടെ അനുപാതം സംബന്ധിച്ച മാനദണ്ഡം എന്തെന്ന് വിശദമാക്കുമോ; | വർദ്ധിച്ചുവരുന്ന പൊതുജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളും, നിലവിലുള്ള സ്റ്റാഫ് പാറ്റേണിലും മാറ്റം വരേണ്ടതുണ്ട്. |
| (സി) ജനങ്ങൾക്കു നേരിടുന്ന ബുദ്ധിമുട്ടും കാലതാമസവും അഴിമതിയും ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഭാവിയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്? | (സി) വില്ലേജുകളിൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളും കാലതാമസവും ഒഴിവാക്കാനായി വില്ലേജുകൾ ആധുനികവൽക്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭ നടപടിയായി സംസ്ഥാനത്തെ ഓരോ ജില്ലകളിലെയും ഒരു വില്ലേജിനെ മാതൃകാ വില്ലേജ് (സ്മാർട്ട് വില്ലേജ്) ആക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. റവന്യൂ ഉദ്യോഗസ്ഥരുടെ പൊതുജനങ്ങളോടുള്ള സമീപനത്തിൽ മാറ്റം വരുത്തുവാൻ ഉതകുന്ന പരിശീലനം ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ലാന്റ് & ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന സ്ഥാപനം മുഖേന നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ